**മധുരമായ കുട്ടികളേ - നിങ്ങൾക്ക് പഠിപ്പിലൂടെ തന്റെ കർമ്മാതീത അവസ്ഥയുണ്ടാക്കണം, അതിനോടൊപ്പം പതിതത്തിൽ നിന്നും പാവനമാകുന്നതിനുള്ള വഴിയും പറഞ്ഞു കൊടുക്കണം, ആത്മീയ സേവനവും ചെയ്യണം.**

**ചോദ്യം -** ഏതൊരു മന്ത്രം ഓർമ്മയിൽ വെക്കുകയാണെങ്കിൽ പാപകർമ്മത്തിൽ നിന്നും രക്ഷപ്പെടാൻ സാധിക്കും?
**ഉത്തരം -** ബാബ നൽകിയ മന്ത്രമാണ് - മോശമായത് കാണരുത്, കേൾക്കരുത്........ ഈ മന്ത്രത്തെ സദാ ഓർമ്മയിൽ വെക്കണം. നിങ്ങൾക്ക് തന്റെ കർമ്മേന്ദ്രിയങ്ങളിലൂടെ ഏതൊരു പാപ കർമ്മവും ചെയ്യരുത്. കലിയുഗത്തിൽ എല്ലാവരിൽ നിന്നും പാപ കർമ്മങ്ങൾ മാത്രമേ ഉണ്ടാകുന്നുള്ളൂ അതുകൊണ്ട് ബാബ ഈ യുക്തി പറഞ്ഞു തരുന്നു, പവിത്രതയുടെ ഗുണത്തെ ധാരണ ചെയ്യൂ- ഇത് തന്നെയാണ് നമ്പർവൺ ഗുണം.

**ഓംശാന്തി**. കുട്ടികൾ ആരുടെ മുന്നിലാണ് ഇരിക്കുന്നത്. ബുദ്ധിയിൽ തീർച്ചയായും ഉണ്ടായിരിക്കണം നമ്മൾ പതിതപാവനനും സർവ്വരുടെയും സദ്ഗതി ദാതാവുമായ പരിധിയില്ലാത്ത അച്ഛന്റെ മുന്നിലാണ് ഇരിക്കുന്നത്. ബ്രഹ്മാവിന്റെ ശരീരത്തെയാണ് കാണുന്നത് എങ്കിലും ഓർമ്മിക്കേണ്ടത് ശിവബാബയെയാണ്. മനുഷ്യർക്ക് ഒരിക്കലും സർവ്വരുടെയും സദ്ഗതി ചെയ്യാൻ സാധിക്കില്ല. മനുഷ്യരെ പതിതപാവനൻ എന്നു പറയില്ല. കുട്ടികൾക്ക് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കണം. നമ്മൾ എല്ലാ ആത്മാക്കളുടെയും അച്ഛൻ ശിവബാബയാണ്. ബാബയാണ് നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിക്കൊണ്ടിരിക്കുന്നത്. ഇത് കുട്ടികൾക്ക് അറിയണം പിന്നീട് സന്തോഷവും ഉണ്ടായിരിക്കണം നമ്മൾ നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയായി മാറിക്കൊണ്ടിരിക്കുകയാണ്. വളരെ സഹജമായ വഴിയാണ് ലഭിച്ചിരിക്കുന്നത്. കേവലം ഓർമ്മിക്കണം, സ്വയത്തിൽ ദൈവീകഗുണങ്ങൾ ധാരണ ചെയ്യണം. അവനവനെ പരിശോധിക്കണം. നാരദന്റെ ഉദാഹരണവും ഉണ്ടല്ലോ. ഈ ഉദാഹരണങ്ങളെല്ലാം ജ്ഞാനസാഗരനായ ബാബ തന്നെയാണ് നൽകിയത്. മറ്റ് ഏത് സന്യാസിമാർ എന്തെല്ലാം ഉദാഹരണം നൽകുന്നുവോ അതെല്ലാം ബാബ നൽകിയതുതന്നെയാണ്. ഭക്തീമാർഗ്ഗത്തിൽ കേവലം മഹിമ പാടിയിരുന്നു. ആമയുടെ, സർപ്പത്തിന്റെ, ഭ്രമരീവണ്ടിന്റെ ഉദാഹരണം നൽകിയിരുന്നു. പക്ഷെ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. ബാബ നൽകിയ ഉദാഹരണം ഭക്തീമാർഗ്ഗത്തിൽ ആവർത്തിക്കുന്നു. ഭക്തിമാർഗ്ഗം കഴിഞ്ഞു പോയതാണ്. ഈ സമയത്ത് എന്തെല്ലാമാണോ പ്രാക്ടിക്കലായി സംഭവിക്കുന്നത് അതിന്റെയാണ് പിന്നീട് മഹിമ പാടുന്നത്. ദേവതകളുടെ ജന്മദിനം അഥവാ ഭഗവാന്റെ ജന്മദിനമെല്ലാം ആഘോഷിക്കുന്നുണ്ടെങ്കിലും ആർക്കും ഒന്നും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾ എല്ലാം മനസ്സിലാക്കുന്നു. ബാബയിൽ നിന്നും പഠിപ്പ് സ്വീകരിച്ച് പതിതത്തിൽ നിന്നും പാവനമായി മാറുകയും മറ്റുള്ളവർക്ക് പതിതത്തിൽ നിന്നും പാവനമാകാനുള്ള വഴിയും പറഞ്ഞു കൊടുക്കുന്നു. ഇത് നിങ്ങളുടെ മുഖ്യമായ ആത്മീയ സേവനമാണ്. ഏറ്റവും ആദ്യം ആർക്കാണെങ്കിലും ആത്മജ്ഞാനം നൽകണം. നിങ്ങൾ ആത്മാവാണ്. ആത്മാവിനെക്കുറിച്ച് ആർക്കും അറിയില്ല. ആത്മാവ് അവിനാശിയാണ് സമയമാകുമ്പോൾ ആത്മാവ് ശരീരത്തിലേക്ക് പ്രവേശിക്കുകയാണ്. ഇടയ്ക്കിടെ സ്വയം ആത്മാവെന്ന് മനസ്സിലാക്കൂ. നമ്മൾ ആത്മാക്കളുടെ അച്ഛൻ പരംപിതാ പരമാത്മാവാണ്. പരമ ശിക്ഷകനുമാണ്. ഇതും കുട്ടികൾക്ക് അടിക്കടി ഓർമ്മ വേണം. ഇത് ഒരിക്കലും മറക്കരുത്. ഇപ്പോൾ തിരികെ പോകണമെന്ന് നിങ്ങൾക്കറിയാം. വിനാശം തൊട്ടു മുന്നിലാണ്. സത്യയുഗത്തിലുള്ള ദൈവീക പരിവാരം വളരെ ചെറുതാണ്. കലിയുഗത്തിൽ എത്രയധികം മനുഷ്യരാണ്. അനേക ധർമ്മങ്ങളും അനേക മതങ്ങളുമാണ്. സത്യയുഗത്തിൽ ഇതൊന്നും ഉണ്ടാകില്ല. കുട്ടികൾക്ക് മുഴുവൻ ദിവസവും ഈ കാര്യങ്ങൾ ബുദ്ധിയിൽ കൊണ്ടുവരണം. ഇത് പഠിപ്പല്ലേ. ഭൗതിക പഠിപ്പിൽ എത്ര പുസ്തകങ്ങളാണ് ഉണ്ടാവുക. ഓരോരോ ക്ലാസ്സിലും പുതിയ പുതിയ പുസ്തകങ്ങൾ വാങ്ങിക്കേണ്ടി വരുന്നു. ഇവിടെ പുസ്തകങ്ങളുടെയോ ശാസ്ത്രങ്ങളുടേയോ ഒന്നും കാര്യം തന്നെയില്ല. ഇവിടെ ഒരേയൊരു കാര്യമാണ്, ഒരേയൊരു പഠിപ്പാണുള്ളത്. ഇവിടെ എപ്പോഴാണോ ബ്രിട്ടീഷ് ഗവൺമെന്റിന്റെ രാജ്യമുണ്ടായിരുന്നത്, രാജാക്കന്മാരുടെ രാജ്യമുണ്ടായിരുന്നത്, അപ്പോൾ സ്റ്റാമ്പിൽ പോലും രാജാ-റാണിമാരുടെ ചിത്രമല്ലാതെ മറ്റൊരു ചിത്രവും വെച്ചിരുന്നില്ല. ഇന്നത്തെക്കാലത്ത് നോക്കൂ ഏതെല്ലാം ഭക്തരാണോ ഉണ്ടായിരുന്നത് അവരുടെ പോലും സ്റ്റാമ്പുകൾ ഉണ്ടാക്കുന്നു. ഈ ലക്ഷ്മി-നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നപ്പോൾ ചിത്രങ്ങളും ഇവരുടെ മാത്രമായിരുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ദേവതകളുടെ ചിത്രങ്ങൾ ഇല്ലാതായിട്ടില്ല. പുരാതന കാലഘട്ടങ്ങളിലെ ദേവി-ദേവതകളുടെ ചിത്രങ്ങൾ എല്ലാവരും വളരെയധികം താൽപ്പര്യത്തോടെയാണ് വാങ്ങിക്കുന്നത്, കാരണം ശിവബാബയ്ക്കു ശേഷം അടുത്ത പ്രാധാന്യം

ദേവതകൾക്കാണ്. മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുന്നതിനു വേണ്ടി ഈ കാര്യങ്ങളെല്ലാം തന്നെ കുട്ടികൾ ധാരണ ചെയ്യുകയാണ്. ഈ പഠിപ്പ് തീർത്തും പുതിയതാണ്. ഈ കാര്യങ്ങളെല്ലാം നിങ്ങൾ തന്നെയാണ് കേട്ടതും, പദവി നിങ്ങൾ തന്നെയാണ് നേടിയതും മറ്റാർക്കും തന്നെ ഇതിനെക്കുറിച്ച് അറിയില്ല. നിങ്ങൾക്ക് പരമപിതാവായ പരമാത്മാവാണ് രാജയോഗം പഠിപ്പിച്ചു തരുന്നത്. മഹാഭാരതയുദ്ധവും പ്രശസ്തമാണ്. എന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ച് ഇനി മുന്നോട്ടു പോകവേ മനസ്സിലാക്കുവാൻ സാധിക്കും. പലരും പലതും പറയുന്നു. ഓരോ ദിവസം കൂടുന്തോറും മനുഷ്യർക്കും മനസ്സിലായിത്തുടങ്ങും. ലോകമഹായുദ്ധം ഉണ്ടാകുമെന്ന് പലരും പറയുന്നുണ്ട്. അതിനു മുമ്പ് നിങ്ങൾ കുട്ടികൾക്ക് പഠിപ്പിലൂടെ തന്റെ കർമ്മാതീത അവസ്ഥ പ്രാപിക്കണം. ബാക്കി അസുരന്മാരും ദേവന്മാരും തമ്മിലുള്ള യുദ്ധങ്ങളൊന്നും ഉണ്ടാകുന്നില്ല. ഈ സമയത്ത് നിങ്ങൾ ബ്രാഹ്മണ സമ്പ്രദായത്തിലുള്ളവരാണ് പോയി ദൈവീക സമ്പ്രദായത്തിലുള്ളവരായി മാറുന്നത്, അതുകൊണ്ട് നിങ്ങൾക്ക് ഈ ജന്മത്തിൽ തന്നെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. പവിത്രതയാണ് നമ്പർവൺ ദൈവീക ഗുണം. നിങ്ങൾ ഈ ശരീരത്തിലൂടെ എത്ര പാപങ്ങളാണ് ചെയ്തത്. പാപാത്മാക്കൾ എന്നല്ലേ പറയുന്നത്, ആത്മാവ് ഈ കർമ്മേന്ദ്രിയങ്ങളിലൂടെ എത്ര പാപമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ മോശമായതൊന്നും തന്നെ കാണരുത്, കേൾക്കരുത്..... ഇതെല്ലാം ആർക്കുള്ളതാണ്. ആത്മാക്കൾക്ക്. ആത്മാക്കൾ തന്നെയാണ് കാതുകളിലൂടെ കേൾക്കുന്നത്. ബാബ നിങ്ങൾ കുട്ടികൾക്ക് സ്മൃതി ഉണർത്തി തന്നു നിങ്ങൾ ആദിസനാതന ദേവതാധർമ്മത്തിലുള്ളവരാണെന്ന്. നിങ്ങൾ തന്നെയാണ് ചക്രം കറങ്ങി വന്നത്, ഇപ്പോൾ നിങ്ങൾക്ക് തന്നെ വീണ്ടും ആയിത്തീരണം. ഈ മധുരമായ സ്മൃതിയുണരുന്നതിലൂടെ നിങ്ങൾക്ക് പവിത്രമാകാനുള്ള ധൈര്യം വരുന്നു. നമ്മൾ എങ്ങനെ 84 ജന്മങ്ങൾ അഭിനയിച്ചു എന്നുള്ളത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ആദ്യമാദ്യം നമ്മൾ ദേവതകളായിരുന്നു. ഇതൊരു കഥയല്ലേ. 5000 വർഷങ്ങൾക്കു മുമ്പ് നമ്മൾ തന്നെയായിരുന്നു ദേവതകൾ. നമ്മൾ ആത്മാക്കൾ മൂലവതനത്തിൽ വസിക്കുന്നവരാണ്. നമ്മൾ ആത്മാക്കളുടെ വീട് അതാണ് എന്നുള്ളതിനെക്കുറിച്ച് മുമ്പ് ലേശം പോലും അറിവില്ലായിരുന്നു. അവിടെ നിന്നും നമ്മൾ പാർട്ട് അഭിനയിക്കാനായി വന്നതാണ് പിന്നീട് സൂര്യവംശി, ചന്ദ്രവംശികളായി..... എന്നൊന്നും അറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങൾ ബ്രഹ്മാവിന്റെ മുഖവംശാവലികളായ ബ്രാഹ്മണരായിരിക്കുകയാണ്. ഈശ്വരീയ സന്താനങ്ങളാണ്. ഈശ്വരനാണ് നിങ്ങളെ പഠിപ്പിക്കുന്നത്. ബാബ പരമമായ അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ്. നമ്മൾ അവരുടെ മതമനുസരിച്ച് സർവ്വാത്മാക്കളെയും ശ്രേഷ്ഠമാക്കുകയാണ്. മുക്തിയും-ജീവന്മുക്തിയും രണ്ടും ശ്രേഷ്ഠമാണ്. നമ്മൾ തന്റെ വീട്ടിലേക്ക് പോകുന്നു പിന്നീട് പവിത്രമായ ആത്മാക്കൾ വന്ന് രാജ്യം ഭരിക്കുന്നു. ഇതും ചക്രമാണ്. ഇതിനെയാണ് സ്വദർശനചക്രമെന്ന് പറയുന്നത്. ഇത് ജ്ഞാനത്തിന്റെ കാര്യമാണ്. ബാബ പറയുന്നു, നിങ്ങളുടെ ഈ സ്വദർശനചക്രം ഒരിക്കലും നിൽക്കരുത്. കറങ്ങിക്കൊണ്ടിരിക്കുന്നതിലൂടെ വികർമ്മം നശിക്കുന്നു. നിങ്ങൾ രാവണനുമേൽ വിജയം പ്രാപിക്കുന്നു. പാപം നശിക്കുന്നു. ഇപ്പോൾ സ്മരിക്കുന്നതിനു വേണ്ടിയുള്ള സ്മൃതികൾ ലഭിച്ചിരിക്കുകയാണ്. അല്ലാതെ മാല ഉരുട്ടി സ്മരിക്കാനല്ല പറയുന്നത്. ആത്മാക്കളിലുള്ള ജ്ഞാനം നിങ്ങൾക്ക് മറ്റ് സഹോദരി-സഹോദരന്മാർക്ക് മനസ്സിലാക്കി കൊടുക്കണം. കുട്ടികളല്ലേ അച്ഛന്റെ സഹയോഗികളായി മാറേണ്ടത്. നിങ്ങൾ കുട്ടികളെ തന്നെയാണ് സ്വദർശന ചക്രധാരിയാക്കി മാറ്റുന്നത്. ഈ ജ്ഞാനം എന്നിലാണുള്ളത്, അതുകൊണ്ടാണ് എന്നെ ജ്ഞാനസാഗരനെന്നും മനുഷ്യസൃഷ്ടിയുടെ ബീജരൂപനെന്നും പറയുന്നത്. ബാബയെ തോട്ടക്കാരനെന്നും പറയുന്നു. ദേവീദേവതാധർമ്മത്തിന്റെ ബീജം വിതയ്ക്കുന്നത് ശിവബാബയാണ്. ഇപ്പോൾ നിങ്ങൾ ദേവി-ദേവതകളായി മാറുകയാണ്. ഈ കാര്യം തന്നെ മുഴുവൻ ദിവസവും സ്മരിക്കുകയാണെങ്കിൽ വളരെയധികം നിങ്ങളുടെ മംഗളമുണ്ടാകുന്നു. ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. പവിത്രമായി മാറുകയും വേണം. പതിയും പത്നിയും ഒരുമിച്ചിരുന്നുകൊണ്ടും പവിത്രമായി ജീവിക്കണം. ഇങ്ങനെയൊരു ധർമ്മം ഇതുവരെയുണ്ടായിട്ടില്ലല്ലോ. നിവൃത്തിമാർഗ്ഗത്തിലുള്ളവർ കേവലം പുരുഷന്മാരാണ്. ഇങ്ങനെ പറയാറുണ്ട് പതി-പത്നിമാർക്ക് ഒരുമിച്ചിരുന്നുകൊണ്ടും പവിത്രമായിരിക്കാൻ സാധിക്കില്ല. ബുദ്ധിമുട്ടാണെന്ന് പറയുന്നു. സത്യയുഗത്തിലുണ്ടായിരുന്നതല്ലേ. ലക്ഷ്മി-നാരായണന്റെ മഹിമയും പാടുന്നുണ്ട്.

ഇപ്പോൾ നിങ്ങൾക്കറിയാം ബാബ നമ്മെ ശൂദ്രനിൽ നിന്നും ബ്രാഹ്മണനും പിന്നീട് ദേവതയുമാക്കി മാറ്റുന്നു. നമ്മൾ തന്നെയാണ് പൂജ്യനിൽ നിന്നും പൂജാരിയായി മാറുന്നത്. പിന്നീട് എപ്പോഴാണോ വാമമാർഗ്ഗത്തിലേക്ക് വരുന്നത് അപ്പോൾ ശിവന്റെ ക്ഷേത്രമുണ്ടാക്കി പൂജ ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്ക് തന്റെ 84 ജന്മങ്ങളുടെ ജ്ഞാനമുണ്ട്. ബാബ തന്നെയാണ് പറയുന്നത് നിങ്ങൾക്ക് തന്റെ 84ജന്മങ്ങളെക്കുറിച്ചുള്ള ജ്ഞാനമില്ല, ഞാനാണ് പറഞ്ഞു തരുന്നത്. ഇങ്ങനെ മറ്റൊരു മനുഷ്യനും പറയാൻ സാധിക്കില്ല. ബാബ ഇപ്പോൾ നിങ്ങളെ സ്വദർശന ചക്രധാരിയാക്കി മാറ്റുകയാണ്. നിങ്ങൾ ആത്മാക്കൾ ഇപ്പോൾ പവിത്രമായിക്കൊണ്ടിരിക്കുന്നു. ശരീരത്തിന് ഇവിടെ ഒരിക്കലും പവിത്രമാകാൻ സാധിക്കില്ലല്ലോ.

ആത്മാവ് എപ്പോഴാണോ പവിത്രമാകുന്നത് അപ്പോൾ അപവിത്രമായ ശരീരം ഉപേക്ഷിക്കേണ്ടതായി വരുന്നു. സർവ്വാത്മാക്കൾക്കും പവിത്രമായി തിരികെ പോകണം. പവിത്രമായ ലോകം ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കി എല്ലാവരും മധുരമായ വീട്ടിലേക്കും പോകുന്നു. ഇതെല്ലാം സ്മൃതിയിലുണ്ടായിരിക്കണം.

ബാബയുടെ ഓർമ്മയോടൊപ്പം തന്നെ വീടിനെയും തീർച്ചയായും ഓർമ്മിക്കണം കാരണം ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. ബാബയെ പരംധാമത്തിൽ ഓർമ്മിക്കണം. ബാബ ഈ ശരീരത്തിലേക്ക് വന്ന് നമുക്ക് കേൾപ്പിച്ചു തരികയാണെന്നുള്ളത് നിങ്ങൾക്ക് അറിയാമെങ്കിലും, ബുദ്ധി ഒരിക്കലും പരംധാമത്തിൽ നിന്നും മുറിയരുത്. നിങ്ങളെ പഠിപ്പിക്കാനായി ടീച്ചർ വീടുപേക്ഷിച്ച് വന്നിരിക്കുകയാണ്. പഠിപ്പിച്ച് വളരെ ദൂരത്തേക്ക് കൊണ്ടുപോകുന്നു. സെക്കന്റിൽ എവിടേക്ക് വേണമെങ്കിലും പോകാൻ സാധിക്കും. ആത്മാവ് എത്ര ചെറിയ ബിന്ദുവാണ്. അത്ഭുതം തന്നെയാണ്. ബാബ നമുക്ക് ആത്മ ജ്ഞാനവും നൽകി. നിങ്ങൾക്കറിയാം കൈയ്യോ കാലോ, വസ്ത്രങ്ങളോ അഴുക്കാകുന്ന തരത്തിൽ സ്വർഗ്ഗത്തിൽ യാതൊരു അഴുക്ക് വസ്തുവുമുണ്ടാകില്ല. അവിടെ ദേവതകൾക്ക് എത്ര മനോഹരമായ സൗകര്യങ്ങളായിരിക്കും ഉണ്ടാവുക. എത്ര നല്ല ഫസ്റ്റ്ക്ലാസ്സ് വസ്ത്രങ്ങളായിരിക്കും ഉണ്ടാവുക. വസ്ത്രങ്ങൾ അലക്കേണ്ട ആവശ്യം പോലുമില്ല. ഇതെല്ലാം കണ്ടും കേട്ടും എത്ര സന്തോഷിക്കണം. നമ്മൾ ഭാവിയിൽ 21 ജന്മത്തേക്ക് ഇങ്ങനെയായിത്തീരുമെന്ന് ആത്മാക്കൾക്ക് അറിയാം. ഇതെല്ലാം കണ്ട്കൊണ്ടിരിക്കണം. ഇങ്ങനെയുള്ള ചിത്രങ്ങളെല്ലാം എല്ലാവരുടെയും പക്കലുണ്ടായിരിക്കണം. ഇതിലൂടെ വളരെയധികം സന്തോഷിക്കണം. നമ്മെ ബാബ ഇങ്ങനെയാക്കി മാറ്റുകയാണ്. ഇങ്ങനെയുള്ള അച്ഛന്റെ കുട്ടികളായ നമ്മൾ പിന്നെ എന്തിനാണ് കരയുന്നത് ! നമുക്ക് യാതൊരു ചിന്തയും ഉണ്ടാകാൻ പാടില്ല. ദേവതകളുടെ ക്ഷേത്രങ്ങളിൽ പോയി മഹിമ പാടുന്നുണ്ട്– സർവ്വഗുണ സമ്പന്നൻ...... അച്യുതം കേശവം..... എത്ര മഹിമയാണ് പാടിക്കൊണ്ടിരിക്കുന്നത്. ശാസ്ത്രങ്ങളിലുള്ള മഹിമയാണ് ഇവർ ഓർമ്മിച്ചു കൊണ്ടിരിക്കുന്നത്. ശാസ്ത്രങ്ങൾ ആരാണ് എഴുതിയത്? വ്യാസൻ. ഇപ്പോൾ ശാസ്ത്രങ്ങളും പുതിയതായി ഉണ്ടാക്കി കൊണ്ടിരിക്കുന്നുണ്ട്. ഗ്രന്ഥങ്ങളെല്ലാം ആദ്യം വളരെയധികം ചെറുതായിരുന്നു, കൈകൊണ്ടായിരുന്നു എഴുതപ്പെട്ടിരുന്നത്. ഇപ്പോൾ ഓരോന്നും എത്ര വലുതാണ്. തീർച്ചയായും ധാരാളം കൂട്ടിച്ചേർത്തിട്ടുണ്ടാവും. ഗുരുനാനാക് വരുന്നതു തന്നെ ധർമ്മം സ്ഥാപിക്കാനാണ്. ബാക്കി ജ്ഞാനം പകർന്നു നൽകുന്ന ആൾ ബാബ മാത്രമാണ്. ക്രിസ്തുവും ധർമ്മം സ്ഥാപിക്കാനാണ് വരുന്നത്. എപ്പോഴാണോ എല്ലാവരും വരുന്നത് അപ്പോഴല്ലേ തിരികെ പോകാൻ സാധിക്കൂ. ആരാണ് വീട്ടിലേക്ക് നമ്മെ പറഞ്ഞയക്കുന്നത്? ക്രിസ്തുവാണോ? അല്ല. ക്രിസ്തു ഇപ്പോൾ ഭിന്ന–ഭിന്ന നാമരൂപത്തിൽ തമോപ്രധാന അവസ്ഥയിലായിരിക്കും. സതോ രജോ തമോവിലേക്ക് വരുമല്ലോ. ഈ സമയത്ത് എല്ലാവരും തമോപ്രധാനമാണ്. എല്ലാവരും ജീർണ്ണിച്ച അവസ്ഥയിലാണ്. പുനർജന്മങ്ങൾ എടുത്തെടുത്ത് എല്ലാ ധർമ്മത്തിലുള്ളവരും തമോപ്രധാന അവസ്ഥയിലുള്ളവരായിത്തീർന്നു. ഇപ്പോൾ എല്ലാവർക്കും തിരികെ തീർച്ചയായും വീട്ടിലേക്ക് പോകണം. വീണ്ടും ചക്രം ആവർത്തിക്കണമല്ലോ. സത്യയുഗത്തിൽ ഉണ്ടായിരുന്ന പുതിയ ധർമ്മം ഇപ്പോൾ വീണ്ടും സ്ഥാപിക്കണം. ബാബ തന്നെയാണ് വന്ന് ആദിസനാതനാദേവിദേവതാ ധർമ്മത്തിന്റെ സ്ഥാപന നിർവ്വഹിക്കുന്നത്. പിന്നീട് വിനാശവും സംഭവിക്കണം. സ്ഥാപനയും വിനാശവും പാലനയും. സത്യയുഗത്തിൽ ഒരേയൊരു ധർമ്മമായിരിക്കും. ഇതെല്ലാം നിങ്ങൾക്ക് സ്മൃതിയിലേക്ക് വരുന്നുണ്ടല്ലോ. മുഴുവൻ ചക്രത്തെയും സ്മൃതിയിലേക്ക് കൊണ്ടുവരണം. ഇപ്പോൾ നമുക്ക് 84 ജന്മത്തിന്റെ ചക്രം കറങ്ങി തിരികെ പോകണം. നിങ്ങൾ നടക്കുമ്പോഴും കറങ്ങുമ്പോഴും സ്വദർശന ചക്രധാരികളാണ്. കൃഷ്ണന് സ്വദർശന ചക്രമുണ്ടായിരുന്നു, അവർ ആരെയൊക്കെയോ വധിച്ചു എന്നൊക്കെയാണ് ശാസ്ത്രങ്ങളിൽ കാണിച്ചിട്ടുള്ളത്. അകാസുരൻ, ബകാസുരൻ എന്നിവരുടെ ചിത്രങ്ങൾ കാണിച്ചിട്ടുണ്ട്. പക്ഷേ അങ്ങനെയുള്ളവരൊന്നുമില്ല.

നിങ്ങൾ കുട്ടികൾക്കിപ്പോൾ സ്വദർശനചക്രധാരികളാകണം കാരണം സ്വദർശന ചക്രത്തിലൂടെ നിങ്ങളുടെ പാപം നശിക്കുന്നു. ആസുരീയത നശിക്കുന്നു. ദേവതകളുടെയും അസുരന്മാരുടെയും യുദ്ധമൊന്നും ഒരിക്കലും ഉണ്ടാവില്ല. അസുരന്മാർ കലിയുഗത്തിലും ദേവതകൾ സത്യയുഗത്തിലുമാണ്. അതിനിടയ്ക്കുള്ളതാണ് സംഗമയുഗം. ശാസ്ത്രങ്ങൾ ഭക്തിമാർഗ്ഗത്തിലുള്ളതാണ്. അതിൽ ജ്ഞാനത്തിന്റെ പേരോ അടയാളമോ ഇല്ല. ജ്ഞാനസാഗരൻ എല്ലാവർക്കുമായി ഒരേയൊരു ബാബയാണ്. ബാബയ്ക്കല്ലാതെ ഏതൊരാത്മാവിനും പവിത്രമാകാതെ തിരികെ പോകാൻ സാധിക്കില്ല. തീർച്ചയായും പാർട്ട് അഭിനയിക്കണം. ഇപ്പോൾ തന്റെ 84 ജന്മത്തെക്കുറിച്ചും ഓർമ്മിക്കണം. നമ്മൾ ഇപ്പോൾ സത്യയുഗീ പുതിയ ജന്മത്തേക്കാണ് പോകുന്നത്. ഇങ്ങനെയൊരു ജന്മം പിന്നീട് ഒരിക്കലും ലഭിക്കില്ല. ശിവബാബ പിന്നീട് ബ്രഹ്മാബാബ. ലൗകിക പിതാവ്, പാരലൗകിക പിതാവ്, ബ്രഹ്മാവ് അലൗകിക പിതാവാണ്. ഇത് ഈ സമയത്തെ കാര്യമാണ്.

ബ്രഹ്മാബാബയെ അലൗകിക പിതാവെന്നു പറയുന്നു. പക്ഷേ നിങ്ങൾ കുട്ടികൾ സ്മരിക്കുന്നത് ശിവബാബയെയാണ്. ബ്രഹ്മാവിനെ സ്മരിക്കുന്നില്ല. ബ്രഹ്മാവിന്റെ ക്ഷേത്രത്തിൽ പോയി പൂജിക്കുന്നുണ്ട്, സൂക്ഷ്മ വതനത്തിലുള്ള സമ്പൂർണ്ണ അവ്യക്തമൂർത്തിയെയാണ് പൂജിക്കുന്നത്. ഈ ശരീരധാരിയെ പൂജിക്കാനുള്ള യോഗ്യതയില്ല. ഇത് മനുഷ്യനല്ലേ. മനുഷ്യന് പൂജ ലഭിക്കുന്നില്ല. ബ്രഹ്മാവിന്റെ ചിത്രത്തിൽ താടി കാണിക്കുന്നുണ്ട് അപ്പോൾ മനസ്സിലാക്കാം ബ്രഹ്മാവ് ഇവിടെയുള്ള ആളാണെന്ന്. കാരണം ദേവതകൾക്ക് താടിയില്ലല്ലോ. ഈ കാര്യങ്ങളെല്ലാം തന്നെ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. നിങ്ങളുടെ പേര് പ്രശസ്തമായതുകൊണ്ടാണ് നിങ്ങൾക്ക് ക്ഷേത്രങ്ങൾ പണിയുന്നത്. സോമനാഥക്ഷേത്രം എത്ര ഉയർന്നതിലും ഉയർന്നതാണ്. സോമരസം കുടിപ്പിച്ചതിനുശേഷം പിന്നീട് എന്താണുണ്ടായത്? ഇവിടെയുള്ള ദിൽവാഡാ ക്ഷേത്രത്തെയും നോക്കൂ. ഈ ക്ഷേത്രം വളരെ കൃത്യമായുള്ള ഓർമ്മചിഹ്നമാണ്. താഴെ നിങ്ങൾ തപസ്യ ചെയ്യുന്നു, മുകളിൽ സ്വർഗ്ഗവും. അപ്പോൾ മനുഷ്യർ മനസ്സിലാക്കി സ്വർഗ്ഗം മുകളിലാണെന്ന്. ക്ഷേത്രത്തിൽ താഴെ എങ്ങനെ സ്വർഗ്ഗത്തെ ഉണ്ടാക്കാനാണ് ! അപ്പോൾ മുകളിൽ മേൽകൂരയിൽ ഉണ്ടാക്കി. ഉണ്ടാക്കുന്നവരും ഇതിനെക്കുറിച്ച് മനസ്സിലാക്കിയില്ല. വലിയ-വലിയ കോടിപതികൾക്കെല്ലാം നിങ്ങൾ ഇത് മനസ്സിലാക്കി കൊടുക്കണം. നിങ്ങൾക്കിപ്പോൾ ജ്ഞാനം ലഭിച്ചു എങ്കിൽ നിങ്ങൾക്കിത് ധാരാളം പേർക്ക് നൽകാൻ സാധിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികളെപ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഉള്ളിലുള്ള ആസുരീയതയെ സമാപ്തമാക്കുന്നതിനു വേണ്ടി നടക്കുമ്പോഴും കറങ്ങുമ്പോഴും സ്വദർശന ചക്രധാരിയായിരിക്കണം. മുഴുവൻ ചക്രത്തെയും സ്മൃതിയിലേക്ക് കൊണ്ടു വരണം.

2. ബാബയുടെ ഓർമ്മയോടൊപ്പം തന്നെ ബുദ്ധി പരംധാമമാകുന്ന വീട്ടിലേക്കും വെയ്ക്കണം. ബാബ നൽകിയിട്ടുള്ള സ്മൃതികളെ സ്മരിച്ച് സ്വയത്തിന്റെ മംഗളം ചെയ്യണം.

## വരദാനം:-സർവ്വഗുണസമ്പന്നരാകുന്നതിനോടൊപ്പം ഏതെങ്കിലും ഒരു വിശേഷതയിൽ വിശേഷ പ്രഭാവശാലിയായി ഭവിക്കട്ടെ.

എങ്ങിനെയാണോ ഡോക്ടർമാർ പൊതുവായ അസുഖങ്ങളുടെ അറിവ് വെച്ചുകൊണ്ടും ഏതെങ്കിലും ഒരു വിഭാഗത്തിൽ സ്പെഷ്യലൈസ് ചെയ്ത് പ്രശസ്ഥരാകാറുള്ളത്, അതേപോലെ താങ്കൾ കുട്ടികൾക്ക് സർവ്വഗുണസമ്പന്നരാകുക തന്നെ വേണം എന്നാലും ഒരു വിശേഷതയെ വിശേഷരൂപത്തിൽ അനുഭവത്തിൽ കൊണ്ടുവന്ന്, സേവനത്തിൽ കൊണ്ടുവന്ന് മുന്നേറിക്കൊണ്ട് പോകൂ. സരസ്വതിയെ വിദ്യാദേവിയെന്നും ലക്ഷ്മീദേവിയെ ധനത്തിന്റെ ദേവിയെന്നും പറഞ്ഞ് പൂജിക്കുന്നത് പോലെ. അങ്ങനെ തന്നിൽ സർവ്വഗുണങ്ങളും സർവ്വശക്തികളും ഉണ്ടെങ്കിലും ഒരു വിശേഷതയിൽ വിശേഷ ഗവേഷണം നടത്തി സ്വയത്തെ പ്രഭാവശാലിയാക്കി മാറ്റൂ.

## സ്ലോഗൻ:- വികാരങ്ങളാകുന്ന സർപ്പങ്ങളെ സഹജയോഗമാകുന്ന ശയ്യയാക്കി മാറ്റൂ എങ്കിൽ സദാ നിശ്ചിന്തരായിരിക്കാം.

**അവ്യക്ത സൂചനകൾ- സഹജയോഗിയാകണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവിയാകൂ.**
മനസ്സ് തന്നെ ബാബയുടേതാണെങ്കിൽ പിന്നെ മനസ്സെങ്ങിനെ വെക്കാം! സ്നേഹം എങ്ങിനെ പ്രകടിപ്പിക്കാം! ഈ പ്രശ്നം തന്നെ ഉദിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ സദാ ലൗലീനമായിരിക്കുന്നു, സ്നേഹസ്വരൂപരും മാസ്റ്റർ സ്നേഹസാഗരന്മാരുമായി മാറി, എങ്കിൽ സ്നേഹം പ്രകടിപ്പിക്കേണ്ടി വരുന്നില്ല, സ്നേഹത്തിന്റെ സ്വരൂപമായി മാറിക്കഴിഞ്ഞു. എത്രത്തോളം ജ്ഞാനസൂര്യന്റെ കിരണങ്ങൾ അഥവാ പ്രകാശം വർദ്ധിക്കുന്നുവോ അത്രയും തന്നെ കൂടുതൽ സ്നേഹത്തിന്റെ തിരമാലകളുയരുന്നു.